# MSC LPS
# ത്രിവിക്രമംഗലം

# 2025–2026

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# I – IV

# ᨠ᩠ᩅᩣᨾᨷ᩺ᩡ᪨

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

**ക്ലാസ് : I**

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, പരിഷ്കരിച്ച മൂല്യനിർണയ രീതി സമഗ്രമായി നടപ്പിലാക്കുക, സാങ്കേതിക വിദ്യ സൗഹൃദ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നീ സമഗ്രമായ ലക്ഷ്യങ്ങൾ മുന്നോട്ടു വച്ചുകൊണ്ടാണ് ഒന്നാം ക്ലാസിലെ കുട്ടികളുടെ വികസനം ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുവാനുതകുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളാണ് 2025-2026 അധ്യായന വർഷത്തിൽ ലക്ഷ്യമിടുന്നത്.

2025 ജൂൺ മാസം മുതൽ 2026 മാർച്ച് വരെയുള്ള തുടർപ്രവർത്തന സാധ്യതയുള്ളതും കുട്ടികളുടെ പാരിസ്ഥിതിക്ക യോജ്യ വുമായ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക.
2. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
3. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുവാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുകയും അതുവഴി ഇംഗ്ലീഷ് ഫലപ്രദമായി പറയുവാനും

വായിക്കുവാനും സംസാരിക്കുവാനും എഴുതാനുമുള്ള നിലവാരത്തിൽ കുട്ടിയെ എത്തിക്കുക.

4. ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുത്തി (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവു നേടുക.

5. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

6. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

# പ്രവർത്തന പദ്ധതി

## ലക്ഷ്യം : 1

## മലയാളം

1. 'ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവുനേടുമെന്ന് ഉറപ്പുവരുത്തുക.

### ജൂൺ - ആഗസ്റ്റ്

⇒ സന്ദർഭങ്ങൾ നൽകി കുട്ടികളുടെ ആശയം വിശദമായി ക്ലാസ് പ്രവർത്തനങ്ങളിൽ പ്രകടിപ്പിക്കുവാനുള്ള അവസരം നൽകൽ.

⇒ കുറഞ്ഞെഴുത്ത് പ്രോത്സാഹിപ്പിക്കൽ.

⇒ സംയുക്ത ഡയറി രക്ഷകർത്താക്കളുടെ സഹായത്തോടെ എഴുതുവാൻ കുട്ടിയെ പ്രാപ്തരാക്കുക.

⇒ ചിത്രങ്ങൾക്ക് രക്ഷാകർത്താവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതുക.

⇒ ലഘു വീഡിയോകൾ പ്രദർശിപ്പിച്ച് ചോദ്യങ്ങളിലൂടെ പങ്കാളിത്ത പാഠഭാഗങ്ങൾ നിർമ്മിക്കൽ.

## സെപ്റ്റംബർ – ഡിസംബർ

⇒ കൂട്ടെഴുത്ത് പ്രോത്സാഹിപ്പിക്കൽ.

⇒ സംയുക്ത ഡയറി സ്വന്തമായി ചിന്തിച്ച് ആശയങ്ങൾ രൂപീകരിച്ച് എഴുതുവാൻ കുട്ടിയെ പ്രാപ്തരാക്കുക.

⇒ വിവിധ സന്ദർഭങ്ങൾ നൽകി ആശയം സ്വയം എഴുതുവാനുള്ള പ്രേരണ നൽകൽ.

⇒ എല്ലാ ആഴ്ചയിലും പങ്കാളിത്ത പാഠങ്ങൾ (ചോദ്യങ്ങളിലൂടെ രൂപപ്പെടുന്ന ലളിത പാഠങ്ങൾ) എഴുതുവാൻ സഹായിക്കൽ.

⇒ ചിത്രങ്ങൾക്ക് രക്ഷാകർത്താവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ.

⇒ കുഞ്ഞെഴുത്ത്: കുഞ്ഞുങ്ങളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശിൽപശാലകൾ.

## ജനുവരി – മാർച്ച്

⇒ കുഞ്ഞെഴുത്തിലെ മികവ്.
⇒ സംയുക്ത ഡയറിയിലെ മികവ്.
⇒ സന്ദർഭങ്ങൾ നൽകി കുട്ടികളുടെ ആശയങ്ങൾ വിശദമായി പ്രകടിപ്പിക്കാൻ അവസരം നൽകൽ, അവ സ്വയം എഴുതുവാനുള്ള പ്രേരണ നൽകൽ.
⇒ വീഡിയോ പാഠങ്ങൾ: ലഘു വീഡിയോകൾ പ്രദർശിപ്പിച്ച് ചോദ്യങ്ങളിലൂടെ പാകപ്പെടുത്തിയ പാഠ ഭാഗങ്ങൾ കുട്ടി സ്വയം നിർമ്മിക്കൽ.
⇒ കാർട്ടൂണുകൾക്ക് സംഭാഷണം എഴുതൽ.
⇒ ചിത്രങ്ങൾക്ക് സ്വയം അടിക്കുറിപ്പ് എഴുതൽ.

⇒ സംഭാഷണം സ്വയം പറഞ്ഞ് എഴുതുവാനുള്ള കഴിവ് ലഭിക്കുവാൻ കുട്ടിയെ പ്രാപ്തരാക്കുക.

ലക്ഷ്യം : 2

മലയാളം

"ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

ജൂൺ - ആഗസ്റ്റ്

⇒ ടീച്ചറും രക്ഷകർത്താക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

⇒ രക്ഷകർത്താക്കളെ പാഠ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനുള്ള പഠന ആസൂത്രണം.

⇒ ടീച്ചർ പുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.

⇒ വീട്ടു വായന.

⇒ ചൂണ്ടി വായന.

⇒ കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.

⇒ ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

⇒ ചിത്രകാർഡുകൾ, വായനകാർഡ്, നിർമ്മാണം, ശിൽപശാല.

⇒ ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കൽ.

⇒ കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കൽ.

## സെപ്റ്റംബർ – ഡിസംബർ

⇒ ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.

⇒ ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ.

⇒ കൂട്ടുവായന : കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.

⇒ വേദികളിൽ സ്വതന്ത്രമായി കഥ പറയൽ.

⇒ സംയുക്ത ഡയറി സ്വയം തയ്യാറാക്കൽ.

⇒ ചിത്രത്തെ അടിസ്ഥാനമാക്കി കഥ പറയൽ.

⇒ കുട്ടികൾ നിർമ്മിച്ച കഥകൾ അവരുടെ സഹായത്തോടെ രേഖപ്പെടുത്തി പുനർവായന.

## ജനുവരി – മാർച്ച്

⇒ ചെറിയ ചെറിയ ബാല സാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.

⇒ കുട്ടികൾ രക്ഷകർത്താക്കളുടെ പിന്തുണയോടെ വായന, എഴുത്ത് എന്നിവ നടത്തുന്നു.

⇒ കഥാപുസ്തകങ്ങൾ വായിക്കുന്നു.

⇒ കുഞ്ഞെഴുത്ത് സ്വയം തയ്യാറാക്കുന്നു.

⇒ തനിമ നിർമ്മിത കഥ വായിക്കൽ.

⇒ ക്ലാസ് ലൈബ്രറിയിലെ 10 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരമൊരുക്കുന്നു.

## ലക്ഷ്യം : 3

## ഇംഗ്ലീഷ്

"ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുവാനുള്ള ആത്മ വിശ്വാസം ഉണ്ടാക്കുകയും അതുവഴി ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനുമുള്ള നിലവാരത്തിൽ കുട്ടിയെ എത്തിക്കുക."

### ജൂൺ – ആഗസ്റ്റ്

⇒ ഇംഗ്ലീഷ് ഭാഷാ ഭയം അകറ്റുവാൻ പ്രാപ്തമായ രീതിയിൽ ക്ലാസ് കൈകാര്യം ചെയ്യുന്നു.

⇒ വ്യക്തമായും ലളിതമായുമുള്ള ആശയങ്ങൾ വരുന്ന വാക്യങ്ങൾ അവതരിപ്പിക്കൽ.

⇒ ആവർത്തിച്ച് വായിച്ച് അടിസ്ഥാനതത്വങ്ങൾ സ്വാംശീകരിക്കൽ.

⇒ പഠിച്ച വാക്കുകൾ പുതിയ സന്ദർഭത്തിൽ വേഗത്തിൽ മനസിലാക്കൽ.

⇒ ചെറു വാക്കുകൾ വായിക്കൽ.

⇒ ചെറിയ വാക്യങ്ങൾ കൂട്ടി വായിക്കൽ.

⇒ ആവശ്യം വേണ്ട വാക്കുകൾ എഴുതുവാൻ പഠിക്കൽ.

⇒ വാചികമായി ഭാഷ കൈകാര്യം ചെയ്യാൻ അവസരം ഒരുക്കൽ.

⇒ സംഭാഷണം വിവിധ സന്ദർഭങ്ങളിൽ എങ്ങനെ എന്നത് മനസ്സിലാക്കി ക്ലാസിൽ അവതരിപ്പിക്കൽ.

⇒ വ്യക്തമായും കൃത്യതയോടെയും വായിക്കേണ്ട രീതിയിൽ ടീച്ചർ വായിക്കുന്നതിനെ അനുകരിക്കൽ.

⇒ അത്യാവശ്യം വേണ്ട വാക്കുകൾ, വാക്യങ്ങൾ എന്നിവ നിത്യജീവിതത്തിൽ ഉപയോഗിക്കൽ.

⇒ സ്വന്തമായി വാക്യങ്ങൾ പറയാൻ ക്ലാസിൽ അവസരം നൽകൽ.

⇒ കൂട്ടമായി വായിക്കൽ.

⇒ രസകരമായ പഠനത്തിന് ഊന്നൽ നൽകൽ.

## സെപ്റ്റംബർ – ഡിസംബർ

⇒ അത്യാവശ്യം വേണ്ട വാക്കുകൾ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കൽ.

⇒ ചെറിയ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ എഴുതൽ.

⇒ ആവർത്തിച്ച് ഉദാഹരണ പഠനത്തിലൂടെ അർത്ഥം, പദപ്രയോഗം, സന്ദർഭം എന്നിവ മനസിലാക്കൽ.

⇒ പുതിയതായി വാക്യങ്ങൾ പറയാൻ ക്ലാസിൽ അവസരം നൽകൽ.

⇒ ചെറുവാക്യങ്ങൾ സ്വയം എഴുതൽ.

⇒ ലൈബ്രറി പുസ്തകങ്ങളിൽ നിന്നും പഠിച്ച, മനസിലായ പദങ്ങൾ തിരിച്ചറിയൽ, കുട്ടിവായിക്കാൻ പരിശീലിക്കൽ.

⇒ പഠിച്ച വാക്കുകൾ പുതിയ സന്ദർഭത്തിൽ എഴുതുവാനും പറയുവാനുമുള്ള ക്ഷമത ഉണ്ടാക്കിയെടുക്കൽ.

# ജനുവരി – മാർച്ച്

⇒ സന്ദർഭത്തിനു യോജിച്ച പദങ്ങൾ തിരഞ്ഞെടുക്കൽ.
⇒ സ്വയം വാക്യങ്ങൾ രൂപീകരിക്കൽ.
⇒ ചെറു വാക്യങ്ങൾ എഴുതി വലിയ വണ്ടിക തയ്യാറാക്കൽ.
⇒ ചിത്രങ്ങൾക്ക് അടിക്കുറിപ്പെഴുതൽ.
⇒ ലൈബ്രറി പുസ്തകങ്ങൾ കൂട്ടി വായിക്കൽ.
⇒ ഗ്രൂപ്പിൽ ചർച്ച ചെയ്ത് പുതിയ പദങ്ങൾ പറിക്കൽ, പുതിയ സന്ദർഭത്തിൽ ഉപയോഗപ്പെടുത്തൽ.
⇒ ചെറിയ സംഭാഷണം എഴുതൽ.
⇒ വാചികമായി പറഞ്ഞവ എഴുതാനുള്ള പരിശ്രമം വിജയിപ്പിക്കൽ.
⇒ എവർക്കും സാധിക്കുന്ന ഒരു പുതിയ ഭാഷ എനിക്കും അന്യമല്ല എന്ന ചിന്ത വളർത്തിയെടുക്കൽ.

ലക്ഷ്യം : 4

ഗണിതം

"ഒരക്ക സംഖ്യയെയും രണ്ടക്ക സംഖ്യയെയും ഉൾപ്പെടുത്തി ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.'

⇒ വിവിധ പാഠ്യ പ്രവർത്തനങ്ങളിലൂടെ 1-9 വരെയുള്ള അക്കങ്ങൾ പഠിക്കുന്നു.

⇒ ഒന്നും ഇല്ല എന്നതിനെ 0 എന്ന് പറയും എന്ന ധാരണയിൽ എത്തിച്ചേരുന്നു.

⇒ 10 എന്ന സംഖ്യയോട് തുടർച്ചയായ സംഖ്യകൾ (1-10) കൂട്ടുമ്പോഴാണ് 11-20 വരെ സംഖ്യകൾ രൂപപ്പെടുന്നത് എന്ന കാഴ്ചപ്പാട്.

⇒ സംഖ്യാ മൂല്യത്തെ തുടർച്ചയായി എണ്ണുന്നതാണ് സങ്കലനം എന്ന ധാരണ വളർത്തിയെടുക്കുന്നു.

⇒ വലിയ സംഖ്യ, ചെറിയ സംഖ്യ എന്നീ ആശയ രൂപീകരണം.

⇒ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിലൂടെ സങ്കലനം, വ്യവകലനം എന്നീ ആശയങ്ങൾ കുട്ടികളിൽ എത്തുന്നു.

⇒ മുന്നിൽ വരുന്ന സംഖ്യ, പിന്നിൽ വരുന്ന സംഖ്യ, ഇടയിൽ വരുന്ന സംഖ്യ എന്നിവ വിവിധ പാഠ്യ പ്രവർത്തനങ്ങളിലൂടെ കുട്ടി മനസിലാക്കുന്നു.

⇒ കൃത്യമായി എണ്ണി എഴുതുവാനും എണ്ണി എടുക്കുവാനും കുട്ടിയെ പ്രാപ്തനാക്കുന്നു.

⇒ ആരോഹണ ക്രമം, അവരോഹണ ക്രമം എന്നിവ മനസിലാക്കാനും എഴുതുവാനുമുള്ള ധാരണ വളർത്തിയെടുക്കൽ.

⇒ ഒരക്ക സംഖ്യാ വ്യാഖ്യാനം, രണ്ടക്ക സംഖ്യാ വ്യാഖ്യാനം എന്നിവ നടത്തുന്നു.

⇒ സംഖ്യാപാറ്റേണുകൾ വിശദമാക്കി മനസിലാക്കി പാഠ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

⇒ ഒരക്ക സംഖ്യ, രണ്ടക്ക സംഖ്യയുമായി ബന്ധപ്പെട്ടു വരുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു.

⇒ 1-100 വരെ സംഖ്യ എഴുതുവാനും വായിക്കുവാനും കുട്ടി പ്രാപ്തനാകുന്നു.

⇒ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ രക്ഷാകർത്താക്കളുടെ സഹായത്തോടെ വിശദമാക്കി പ്രശ്നപരിഹാരണം നടത്തുവാനും അത് ക്ലാസിൽ വിശകലനം ചെയ്യുന്നതിനുമുള്ള അവസരം ഒരുക്കൽ.

## ലക്ഷ്യം : 5 പരിസരപഠനം

"തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും, വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക."

⇒ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

⇒ വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവ മനസിലാക്കുക.

⇒ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ മനസ്സിലാക്കുക. ഗ്രൂപ്പിൽ ചർച്ച ചെയ്യുക. സ്വയം നിഗമനങ്ങൾ രൂപീകരിക്കുക.

⇒ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ തിരിച്ചറിയുക, പ്രതികരിക്കുക.

⇒ വിവിധ രോഗങ്ങൾ ഉണ്ടാകുന്ന ചുറ്റുപാടിനെ മനസ്സിലാക്കാനും രോഗങ്ങൾ അകറ്റുവാൻ സ്വയം ചെയ്യാവുന്ന പ്രവർത്തനങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുന്നു. നടപ്പിലാക്കുന്നു.

⇒ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. വിവിധ ആശയങ്ങൾ മനസ്സിലാക്കുന്നു.

⇒ എന്ത്? എങ്ങനെ? എന്തുകൊണ്ട്? എന്നീ ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്കുള്ള ഉത്തരം ചർച്ചയിലൂടെ കണ്ടെത്തുകയും ചെയ്യുന്നു.

⇒ വിവിധ ദിനാചരണങ്ങളുടെ പ്രസക്തി മനസ്സിലാക്കുന്നു.

⇒ ഞാൻ ജീവിക്കുന്ന ചുറ്റുപാടിന്റെ സംരക്ഷണം എന്റെ സംരക്ഷണമാണ് എന്ന തിരിച്ചറിവ്.

⇒ സഹജീവികളോട് അനുകമ്പ കാണിക്കേണ്ടത് മാനുഷിക മൂല്യം വിളിച്ചോതുന്ന പ്രവൃത്തിയാണ് എന്ന തിരിച്ചറിവ്.

⇒ സ്വയം അറിയാവുന്നതും പഠിച്ചതുമായ കാര്യങ്ങൾ പൊതുസമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാൻ വേണ്ട പ്രചോദനമാണ് എന്ന തിരിച്ചറിവ്.

⇒ സ്വജീവിതത്തിന് അടിസ്ഥാനം പരിസ്ഥിതി സൗഹൃദ മനോഭാവവും പ്രതികരണ സ്വഭാവവുമാണെന്ന തിരിച്ചറിവ്.

⇒ സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണത്തിൽ എല്ലാ കുട്ടികളെയും പങ്കാളികളാക്കുക.

## ലക്ഷ്യം : 6

## കലാ കായികം പ്രവൃത്തിപരിചയം

"കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക."

⇒ കുട്ടികളെ ചലനാത്മകമായ പ്രവൃത്തികളിൽ ഏർപ്പെടുത്തൽ.

⇒ പാഠ്യ പ്രവർത്തനങ്ങളിലുള്ള വരയ്ക്കാനും, ഉണ്ടാക്കുവാനും ചെയ്യുവാനുമുള്ള പ്രവർത്തനങ്ങൾ മുതിർന്നവരുടെ മേൽനോട്ടത്തിൽ കുട്ടികളെ കൊണ്ട് തന്നെ ചെയ്യിക്കുവാൻ ശ്രമിക്കൽ.

⇒ എല്ലാ കുട്ടികൾക്കും അവരുടെ കഴിവുകൾ മനസിലാക്കി അവസരം നൽകൽ.

⇒ എനിക്കു സാധിക്കില്ല എന്നു മാറ്റി നിർത്താതെ എല്ലാ കുട്ടികളെയും ഒരുപോലെ മുൻധാരയിലേക്ക് കൊണ്ടുവരിക.

⇒ പാഠപുസ്തകത്തിനുപരി കുട്ടികളുടെ കലാപരമായ പ്രവൃത്തികൾ വളർത്തിയെടുക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

⇒ സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണത്തിൽ എല്ലാ കുട്ടികളെയും പങ്കാളികളാക്കുക.

⇒ എല്ലാ ദിനാചരണങ്ങളും കുട്ടികളെ ഉൾപ്പെടുത്തി നടത്തുക.

⇒ സ്കൂൾ കലാ മത്സരങ്ങളിൽ എല്ലാ കുട്ടികൾക്കും അവസരം നൽകി പങ്കെടുപ്പിക്കുക.

⇒ സ്കൂൾ കായിക മേളയിലും പ്രവൃത്തി പരിചയ മേളകളിലും ഒഴിവു സമയങ്ങളിലും എല്ലാ കുട്ടികൾക്കും കായിക പ്രവൃത്തി പരിചയ അഭ്യാസങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരവും പ്രോത്സാഹനവും നൽകുക.

⇒ സ്കൂളിൽ പ്രവൃത്തി പരിചയ ശാസ്ത്ര മേളകൾ സംഘടിപ്പിക്കുകയും

എല്ലാ കുട്ടികൾക്കും അവസരങ്ങൾ
നൽകുകയും ചെയ്യുക.

⇒ കലാ കായിക പ്രവൃത്തി പരിചയ
ഇനങ്ങൾ കാണിക്കുന്ന വീഡിയോസ്
കുട്ടികളെ കാണിച്ച് ഉത്സാഹ
പ്പെടുത്തുകയും കുട്ടികൾക്ക്
രക്ഷകർത്താക്കളുടെ സഹായ
ത്തോടെ അവസരങ്ങൾ വീട്ടിലും
സ്കൂളിലും പൊതുസമൂഹത്തിൽ
ഒരുക്കുകയും ചെയ്യുക.

⇒ അച്ചടക്കമുള്ള നല്ല ശീലങ്ങൾ
വളർത്തുന്ന നല്ലൊരു സമൂഹമായി
വളർന്നുവരുവാൻ കുട്ടികളെ
പ്രാപ്തരാക്കുന്ന ഒരു പാഠ്യ പാഠ്യേ
തര പരിപാടിക്ക് ഊന്നൽ
നൽകുക.

# ၵႂၢမ်း II

# അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ്-II

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മകമേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ ഓരോ കുട്ടിയെയും പരിഗണിച്ചാണ് ക്ലാസ്സ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികൾക്ക് ശേഷി വികാസങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയങ്ങളിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമ ഓരോ കുട്ടിയും എല്ലാതലങ്ങളിലും മികവുറ്റവരായി തീരണം എന്നതാണ് ലക്ഷ്യം.

ഈ വർഷം ജൂൺ മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള തുടർപ്രവർത്തന സാധ്യതകളുള്ള കുട്ടികളുടെ പരിസ്ഥിതിക്കു യോജ്യവുമായ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# ലക്ഷ്യങ്ങൾ.

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ ഉൾപ്പെടുത്തിയും ഭാവങ്ങളും അവതരിപ്പിക്കുന്നതിനുമുള്ള ശേഷി നേടുന്നതിന്.

* ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

* ക്ലാസിലെ എല്ലാ കുട്ടികളുടെയും സ്വയം രചന ഉറപ്പാക്കുക.

* ക്ലാസിലെ എല്ലാ കുട്ടികളെയും നേട്ടങ്ങളിലൂടെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷേമവും ഉറപ്പാക്കുക.

# പ്രവർത്തന പദ്ധതി

## ലക്ഷ്യം - 1

## മലയാളം

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാ-ത്ത ലഘു വാക്യങ്ങളിൽ എഴുതിയും ചിത്രരചനയിലൂടെ വരച്ചും പ്രകടിപ്പിക്കുന്ന-തിനുള്ള കഴിവു നേടുമെന്ന് ഉറപ്പു വരുത്തുക.

## ജൂൺ - ആഗസ്റ്റ്

* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനു-ള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുന്നതിന്.
* പക്ഷിമൃഗങ്ങളുടെ സഹായം ഉറപ്പുവരുത്തൽ
* ചിത്രവിവരണം.

## സോപ്പുകുംബൻ - ഡിങ്കംബൻ

* കൂട്ടായ്മയ്ക്ക് പ്രോത്സാഹിപ്പിക്കാൻ.
* സംയുക്ത ഡയറി സ്വന്തമായി ചിന്തിച്ച് ആശയങ്ങൾ രൂപീകരിച്ച് എഴുതുവാൻ കുട്ടിയെ പ്രാപ്തരാക്കുക.
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കാൻ.
* വായിച്ച കഥയിൽ നിന്ന് ചോദ്യാവലി തയ്യാറാക്കാൻ.
* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കാൻ.

## ജനുവരി - മാർച്ച്.

* വരികൾ കൂട്ടിച്ചേർത്ത് പറയുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ.

* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എന്നിവ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

* ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം നൽകൽ.

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കുന്നതിന് സാധിച്ചോ എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

* എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ.

## ലക്ഷ്യം -2

## ഇംഗ്ലീഷ്

"ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുവാനുള്ള ആത്മവിശ്വാസം ഉണ്ടാകുകയും അതുവഴി ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനുമുള്ള നിലവാരത്തിൽ കുട്ടിയെ എത്തിക്കുക."

## ഇടപെടൽ - ആഗസ്റ്റ്

* ഇംഗ്ലീഷ് ഭാഷാ ഭയം അകറ്റുവാൻ പ്രാപ്തമായ രീതിയിൽ ക്ലാസ് കൈകാര്യം ചെയ്യുന്നു.

* ആവർത്തന വായന ശക്തീകരിക്കൽ.

* പുതിയ വാക്കുകൾ കണ്ടുപിടിക്കാനുള്ള അവസരം നൽകൽ.

* വ്യക്തമായതും ലളിതവുമായുള്ള ആശയങ്ങൾ വരുന്ന വാക്യങ്ങൾ അവതരിപ്പിക്കൽ

* പഠിച്ച വാക്യങ്ങൾ ഓരോ സന്ദർഭങ്ങളിലും വേഗത്തിൽ മനസ്സിലാക്കുവാനും പ്രതികരിക്കുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കാൻ.

* ആവശ്യം വേണ്ട വാക്കുകൾ എഴുതി പഠിക്കാൻ.

* വാചികമായ ഭാഷ കൈകാര്യം ചെയ്യാൻ അവസരമൊരുക്കാൻ.

* വിട്ടു വായന, ചൂണ്ടിവായന എന്നിവയ്ക്കുള്ള അവസരം നൽകാൻ.

* ഡിജിറ്റൽ സാധ്യതകളിലൂടെ (E-cube) കഥ കാണാനും കേൾക്കാനും ചോദ്യങ്ങൾക്ക് ഉത്തരം നൽകാനുമുള്ള അവസരമൊരുക്കാൻ.

# നേട്ടങ്ങൾ - പരിമിതികൾ.

* ചെറു വാക്യങ്ങൾ സ്വയം എഴുതാൻ.

* പഠിച്ച വാക്കുകൾ പുതിയ സന്ദർഭങ്ങളിൽ എഴുതുവാനും പറയാനുമുള്ള കഴിവ് ഉണ്ടാക്കിയെടുക്കാൻ.

* പുതിയ പുതിയ വാക്കുകൾ കണ്ടെത്തി പറയാൻ

* ചെറു പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ എഴുതാൻ.

* ചിത്രങ്ങളുടെ സഹായത്തോടെ ലഘുവായ അടിക്കുറിപ്പ് എഴുതാൻ.

* . വേദികളിൽ ചെറു പദ്യം ചൊല്ലാൻ.

## ജനുവരി - മാർച്ച്.

* സംസാര പ്രവർത്തനങ്ങൾ നൽകൽ.
* അനുഭവം ലഭ്യമാക്കൽ.
* ചിത്രങ്ങൾക്ക് അടിക്കുറിപ്പു നൽകൽ.
* സ്വയം വാക്യങ്ങൾ രൂപീകരിക്കൽ
* കഥാ പുസ്തകങ്ങൾ വായിക്കുന്നു.
* കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.

## ലക്ഷ്യം - 3

## ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി അക്കാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട്, ഓരോ പഠന പ്രക്രിയയിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് അനായാസകരം കുട്ടി പഠിക്കേണ്ടത്

## ജൂൺ - ആഗസ്റ്റ്.

* സംഖ്യാശ്രേണി പൂർത്തിയാക്കൽ.
* പല ആകൃതിയിലുള്ള ചിത്രരചന നടത്തൽ.

  ഉദാ: □, Δ, O

*
  1, 2, 3, 4, ---

  1, 3, 5, 7, ---

  2, 4, 6, 8, ---

  5, 10, 15, 20, ----

  10, 20, 30, 40, --- തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ ഉള്ള തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
* നാണയ വില തിരിച്ചറിയൽ. (രൂപ, പണം)

## സെപ്റ്റംബർ - ഡിസംബർ.

* ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രയോഗ പ്രശ്നം പരിഹരിക്കാൻ.

* വില വിവര പട്ടിക തയ്യാറാക്കാൻ.

* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ

* സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

* സംഖ്യാ ബോധം തിരിച്ചറിവിന് - സംഖ്യാവ്യാഖ്യാന ഉപാധികൾ.

* രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നതിനായി വ്യത്യസ്തരീതികൾ ഉപയോഗിക്കുന്നു.

## ജനുവരി - മാർച്ച്.

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്താൻ.
  ഉദാ - □ ○ □ ○

* ഉല്ലാസഗണിതം Materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണിത പഠനം കളിത്തിയിൽ ഉറപ്പാക്കി വിജയിപ്പിക്കാൻ

* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യാൻ.

* കലണ്ടർ പതിപ്പ് തയ്യാറാക്കാൻ.

* ഗണിതാശയങ്ങൾ പ്രായോഗികപ്രശ്നങ്ങളിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

## ലക്ഷ്യം - 4 പരിസരപഠനം.

" തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക."

* വ്യക്തി ശുചിത്വം, നല്ല ആരോഗ്യശീലങ്ങൾ എന്നിവ മനസ്സിലാക്കുക.

* എന്താണ് പരിസ്ഥിതി എന്നും നമ്മുടെ പരിസ്ഥിതിയെ എങ്ങനെ സംരക്ഷിക്കാമെന്നു

മനസ്സിലാക്കി കൊടുക്കുക.

* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ തിരിച്ചറിയുക, പ്രതികരിക്കുക.

* വിവിധ ദിനാചരണങ്ങൾ നടത്തുക.

* ട്രാഫിക്, ലഹരി വിരുദ്ധ ക്ലാസ്, ദുരന്ത- നിയമങ്ങൾ നിവാരണ ക്ലാസ് നടത്തുക.

**ലക്ഷ്യം -5**

**കലാ കായികം പ്രവൃത്തി പരിചയം.**

"കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷേമവും ഉറപ്പാക്കുക. വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുക."

* എല്ലാം കുട്ടികൾക്കും അവരുടെ കഴിവുകൾ മനസിലാക്കി അവസരം നൽകാൻ.

* കുട്ടികളെ ചലനാത്മകമായ പ്രവൃത്തികളിൽ ഏർപ്പെടുത്താൻ.

* നൃത്തം പരിശീലിപ്പിക്കാൻ.

* Vegetable painting പരിശീലിപ്പിക്കുക.

* എല്ലാ ദിനാചരണങ്ങളും കുട്ടികളെ ഉൾപ്പെടുത്തി നടത്തിക്കുക.

* സ്കൂൾ കലാമത്സരങ്ങളിൽ എല്ലാ കുട്ടികൾക്കും അവസരം നൽകി പങ്കെടുപ്പിക്കുക.

* സ്കൂളിൽ പ്രവൃത്തി പരിചയമേളകൾ സംഘടിപ്പിക്കുകയും എല്ലാ കുട്ടികൾക്കും അവസരങ്ങൾ നൽകുകയും ചെയ്യുക.

* കലാ കായിക പ്രവൃത്തി പരിചയ ഇനങ്ങൾ കാണിക്കുന്ന വീഡിയോസ് കുട്ടികളെ കാണിച്ച് അവരെ ഉത്സാഹപ്പെടുത്തുകയും കുട്ടികളെ രക്ഷിതാക്കളുടെ സഹായത്തോടെ അവസരങ്ങൾ ഒരുക്കുകയും ചെയ്യുക.

ക്ലാസ്: III

# മലയാളം

ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്
- സാഹിത്യ പ്രതിഭകളെ അടുത്തറിയാം
- വായനാ പരിപോഷണം.

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്.

പ്രവർത്തനങ്ങൾ

- കുട്ടികളുടെ നിലവാരം അറിയുന്നതിന് വേണ്ടി പ്രീ ടെസ്റ്റ്.
- അക്ഷരം ഉറപ്പിക്കൽ
- അക്ഷരകാർഡ് നൽകൽ
- അടയാളം ഉറപ്പിക്കൽ
- വാക്കുകൾ എഴുതിയ കാർഡ്.

## സാഹിത്യ പ്രതിഭകളെ അടുത്തറിയാം.

### പ്രവർത്തനം

- കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം
- പുസ്തക ശേഖരണവും പ്രദർശനവും
- കവി പരിചയം
- ചിത്രഗ്യാലറി.

## വായനാ പരിപോഷണം

### പ്രവർത്തനം.

- ചെറിയ വാക്യങ്ങൾ നിർമിക്കാം
- ചിത്രകഥയ്ക്ക് സംഭാഷണം തയ്യാറാക്കൽ അവതരിപ്പിക്കൽ
- നാട്ടുവായന
- വായനാക്കളരി

വായന - ആശയമറിഞ്ഞും ഒഴുക്കോടെയും

പ്രവർത്തനം. - വർഷം മുഴുവൻ

- ക്ലാസ് ലൈബ്രറി
- വാർത്താ വായനാ മത്സരം സംഘടിപ്പിക്കൽ
- വായനാ ക്യാമ്പുകൾ
- ബാല പ്രസിദ്ധീകരണങ്ങളുടെ വായന.

# ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുകയും അതുവഴി ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കുവാനും, വായിക്കുവാനും എഴുതുവാനുമുള്ള നിലവാരത്തിൽ എല്ലാ കുട്ടികളെയും എത്തിക്കുക.

## ജൂൺ - ആഗസ്റ്റ്

- ഇംഗ്ലീഷ് പാഠഭാഗം ലളിതമായ വാക്യങ്ങളിൽ അവതരിപ്പിക്കുന്നു.
- ആവർത്തിച്ച് വായിച്ച് അടിസ്ഥാന തത്വങ്ങൾ സ്വാംശീകരിക്കൽ
- പഠിച്ച വാക്കുകളും വാക്യങ്ങളും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കൽ
- വാചികമായി ഭാഷ കൈകാര്യം ചെയ്യുവാൻ അവസരം ഒരുക്കൽ
- ലളിതമായ ലൈബ്രറി പുസ്തകങ്ങൾ പരിചയപ്പെടുത്തൽ

## സെപ്റ്റംബർ - ഡിസംബർ

- ചെറിയ പദങ്ങൾ ഉപയോഗിച്ച് സ്വയം വാക്യങ്ങൾ എഴുതൽ
- ആവർത്തന പഠനത്തിലൂടെ അർത്ഥം പദപ്രയോഗം, സന്ദർഭം എന്നിവ മനസിലാക്കൽ
- പഠിച്ച വാക്കുകൾ ഉപയോഗിച്ച് പഠന ഉൽപന്നങ്ങൾ തയ്യാറാക്കൽ
- ലൈബ്രറി പുസ്തകങ്ങളിൽ നിന്നും പഠിച്ചു മനസിലാക്കിയ പദങ്ങൾ തിരിച്ചറിയൽ പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കൽ

## ജനുവരി - മാർച്ച്.

- സന്ദർഭത്തിന് അനുയോജ്യമായ വാക്യങ്ങളുടെ നിർമാണം
- ചെറിയ വാക്യങ്ങൾ ചേർത്ത് വലിയ ഖണ്ഡിക തയ്യാറാക്കാനുള്ള ആത്മ വിശ്വാസം വളർത്തിയെടുക്കൽ

- ലൈബ്രറി പുസ്തകങ്ങൾ വായിച്ച് ക്ലാസിൽ ചർച്ച ചെയ്യൽ
- പുതിയ പദങ്ങൾ പ്രയോഗം ചെയ്യുത്തൽ
- സ്വയം ഇംഗ്ലീഷ് ഭാഷ വായിച്ച് മാതൃഭാഷയിൽ അവതരിപ്പിക്കൽ
- എല്ലാവർക്കും സാധിക്കുന്ന ഇംഗ്ലീഷ് ഭാഷ എനിക്കും അന്യമല്ല എന്ന ചിന്ത വളർത്തിയെടുക്കൽ

# ഗണിതം

## ലക്ഷ്യങ്ങൾ

സംഖ്യാബോധം
മൂന്നക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ
പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം
ഗണിതം ലളിതമാക്കാം കളികളിലൂടെ

## സംഖ്യാബോധം

ജൂൺ

- സംഖ്യകൾ എഴുതിയ നറുക്ക്
- തുടർച്ചയായി സംഖ്യകൾ എഴുതാം
- ആരോഹണ ക്രമം, അവരോഹണക്രമം എന്നിവ എഴുതാം.

## മൂന്നക്കസംഖ്യകളെ വ്യാഖ്യാനിക്കൽ

ജൂലൈ - സെപ്റ്റംബർ

- മൂന്നക്ക സംഖ്യകൾ എഴുതാം.
- കളിനോട്ട് ഉപയോഗിച്ച് പഠിക്കാം

- എഴുതിയ സംഖ്യകൾ തിരിച്ചും മറിച്ചും എഴുതുന്നു വായിക്കുന്നു.
- 1, 10, 100 ന്റെ കൂട്ടങ്ങളാക്കുന്നു.
- സംഖ്യകളെ അബാക്കസിൽ ഉറപ്പിക്കുന്നു.

## ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം.

- ഒറിഗാമി ശിൽപശാല
- രസകരമായ ഗണിത പഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസ്വാദനവും
- ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ പ്രദർശിപ്പിക്കൽ

## ഗണിതം ലളിതമാക്കാം കളികളിലൂടെ

- പസിൽ നിർമാണം
- കുസൃതി ചോദ്യം – പരിഹരിക്കൽ
- മെട്രിക് മേള
- ഗണിതോത്സവം.

# പരിസരപഠനം

## ലക്ഷ്യം.

ശാസ്ത്രാവബോധം വളർത്തുക.
പ്രകൃതി വിഭവ സംരക്ഷണം
ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം
ജനിപ്പിക്കൽ

## പ്രവർത്തനങ്ങൾ

- കണ്ടെത്താം അറിയാം.
- ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു
- കുറിപ്പു തയ്യാറാക്കൽ.

## പ്രകൃതിവിഭവ സംരക്ഷണം.

ജൂലൈ – സെപ്റ്റംബർ

- ജൈവവൈവിധ്യ പാർക്ക്
- തടയണ നിർമാണം
- മഴക്കുഴി നിർമാണം
- പ്രകൃതി നടത്തം

- ജലസ്രോതസ്സുകൾ പരിസ്ഥിതി
- സംരക്ഷണ പ്രവർത്തനങ്ങളിലെ
- പങ്കാളിത്തം.

**ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ.**

- ശാസ്ത്ര പ്രതിഭകളെ അടുത്തറിയാൻ
- പരീക്ഷണം വീട്ടിനകത്തും
- ശാസ്ത്ര മാസികകൾ

# ക്ലാസ് : IV

# മലയാളം

## ലക്ഷ്യങ്ങൾ

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
* വായനാശേഷി വളർത്തൽ
* എഴുത്ത് പരിപോഷിപ്പിക്കൽ
* ലേഖനശേഷി വർധിപ്പിക്കൽ
* ഡോക്യുമെന്ററികളിലൂടെ അറിവുനേടൽ
* സാഹിത്യകാരന്മാരുടെ ജന്മ- ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ.
* പാഠഭാഗവുമായി ബന്ധപ്പെട്ട കലകളെ കുറിച്ചറിയൽ
* ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ അറിവുകൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

## പ്രവർത്തനങ്ങൾ

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

* അക്ഷരം ഉറപ്പിക്കൽ
* കുട്ടികളുടെ നിലവാരം അറിയുന്നതിന് പ്രീ ടെസ്റ്റ്.

* അടയാളം ഉറപ്പിക്കൽ
* വാക്കുകൾ /വാക്യങ്ങൾ നിർമ്മിക്കൽ.
* ചിത്രം നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ.
* കഥ/കവിത ബാക്കി പൂരിപ്പിക്കൽ.

## വായനാശേഷി വളർത്തൽ

* വലിയ അക്ഷരമുള്ള കഥാപുസ്തകം.
* അമ്മ വായന
* കൂട്ടുവായന
* പത്രവായന
* പുസ്തകപരിചയം
* ചെറുകഥകൾ, ലേഖനങ്ങൾ എന്നിവ വായിച്ച് കുറിപ്പ് തയ്യാറാക്കൽ.

## എഴുത്ത് പരിപോഷിപ്പിക്കൽ

* അക്ഷരങ്ങൾ ഉറപ്പിക്കൽ.
* പദങ്ങൾ/ചിഹ്നങ്ങൾ ഉറപ്പിക്കൽ.
* കുട്ടിയെഴുത്ത്.

* അക്ഷരകാർഡ് നിർമ്മാണം.
* ചാർട്ടെഴുത്ത്.

## ലേഖനശേഷി വർധിപ്പിക്കൽ

* ചിത്രകഥ തയ്യാറാക്കൽ
* അടിക്കുറിപ്പ് എഴുതൽ.
* കാഴ്ചയനുഭവം - വർണന.
* ചുമർ പത്രിക നിർമ്മാണം.
* കൈയെഴുത്ത് മാസിക.

## ഡോക്യുമെന്ററികളിലൂടെ അറിവ് നേടാം

പാഠഭാഗവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, വീഡിയോകൾ കാണുകയും അതിൽ നിന്നും ലഭിക്കുന്ന അറിവുകൾ, ആശയങ്ങൾ, ചിന്തകൾ എന്നിവ പുതിയ തലത്തിൽ ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു.

## ദിനാചരണങ്ങൾ സംഘടിപ്പിക്കൽ.

ഓരോ ദിനത്തിന്റെയും പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും

അതുവഴി കാര്യപ്രാപ്തമായ രീതിയിൽ നേതൃത്വ പാടവം കൈവരിക്കാനും കുട്ടികൾ പ്രാപ്തരാകുന്നു.

## പാഠഭാഗവുമായി ബന്ധപ്പെട്ട കലകളെക്കുറിച്ചറിയൽ.

ഭാഷാ വൈവിധ്യകവുമായി ബന്ധപ്പെട്ട് കലകളുടെ പ്രാധാന്യം കൂടുതലായി മനസ്സിലാകുന്നു. ലൈബ്രറി പുസ്തകങ്ങൾ, നേരിട്ടറിവുകൾ എന്നിവ പ്രയോജനപ്പെടുത്തുന്നു.

## സർഗോത്സവം

* ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ
* കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം.

---

# ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുകയും അതുവഴി ഭാഷ ഫലപ്രദമായി സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനുമുള്ള നിലവാരത്തിൽ എല്ലാ കുട്ടികളെയും എത്തിക്കുക.

## ജൂൺ - ആഗസ്റ്റ്

⇒ ഇംഗ്ലീഷ് ഭാഷ ഭയം അകറ്റുവാൻ പ്രാപ്തമായ രീതിയിൽ പഠന പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

⇒ വ്യക്തവും ലളിതവുമായ ആശയങ്ങൾ വരുന്ന വാക്യങ്ങളിലൂടെ പാഠഭാഗ അവതരണം.

⇒ ആവർത്തിച്ച് വായിപ്പിച്ച് അടിസ്ഥാനതത്വങ്ങൾ സ്വാംശീകരിക്കൽ.

⇒ പഠിച്ച പുതിയ വാക്കുകളും വാക്യങ്ങളും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കുട്ടിയെ പ്രാപ്തരാക്കുക.

⇒ വാചികമായി ഭാഷ കൈകാര്യം ചെയ്യാൻ അവസരമൊരുക്കൽ.

⇒ സംഭാഷണം വിവിധ സന്ദർഭങ്ങളിൽ എങ്ങനെ എന്നത് വ്യത്യാസങ്ങൾ മനസിലാക്കി ക്ലാസിൽ അവതരിപ്പിക്കൽ.

⇒ അത്യാവശ്യം വേണ്ട വാക്കുകൾ, വാക്യങ്ങൾ എന്നിവ നിത്യജീവിതത്തിൽ ഉപയോഗിക്കൽ.

⇒ ലളിതമായ ലൈബ്രറി പുസ്തകങ്ങൾ പരിചയപ്പെടൽ.

⇒ രസകരമായ പഠനത്തിന് ഊന്നൽ നൽകൽ.

## സെപ്റ്റംബർ – ഡിസംബർ

⇒ അത്യാവശ്യം വേണ്ട വാക്കുകൾ വാക്യങ്ങൾ എന്നിവ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കൽ.

⇒ ചെറിയ പദങ്ങൾ ഉപയോഗിച്ച് സ്വയം വാക്യങ്ങൾ നിർമ്മിക്കൽ.

⇒ ആവർത്തിച്ച് ഉദാഹരണ പാഠ
ത്തിലൂടെ അർത്ഥം, പദപ്രയോഗം,
സന്ദർഭം എന്നിവ മനസിലാക്കൽ.

⇒ സ്വയം തയ്യാറാക്കിയ പാഠ ഉൽപ
ന്നങ്ങൾ ആത്മവിശ്വാസത്തോടെ
ക്ലാസിൽ അവതരിപ്പിക്കാൻ
അവസരം നൽകൽ.

⇒ ടെലിഗ്രാഫി പുസ്തകങ്ങളിൽ നിന്നും
പഠിച്ച് മനസിലാക്കിയ പദങ്ങൾ
തിരിച്ചറിയൽ പുതിയ സന്ദർഭങ്ങളിൽ
പ്രയോഗിക്കൽ.

⇒ വളരെ രസകരവും ആത്മവിശ്വാ
സവുമായ രീതിയിൽ ഇംഗ്ലീഷ് ഭാഷയെ
കൈകാര്യം ചെയ്യുവാനുള്ള
പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

⇒ പഠിച്ച വാക്കുകൾ പുതിയ പാഠ
ഉൽപന്നങ്ങൾ തയ്യാറാക്കുമ്പോൾ
എഴുതുവാനുള്ള ആത്മവിശ്വാസം
വളർത്തിയെടുക്കാനുള്ള പ്രവർത്ത
നങ്ങൾ.

## ജനുവരി – മാർച്ച്

⇒ സന്ദർഭത്തിന് അനുയോജ്യമായ വാക്യങ്ങളുടെ നിർമ്മാണം.

⇒ ചെറിയ വാക്യങ്ങൾ ചേർത്ത് വലിയ ഖണ്ഡിക തയ്യാറാക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കൽ.

⇒ ലൈബ്രറി പുസ്തകങ്ങൾ വായിച്ച് ക്ലാസിൽ ചർച്ച ചെയ്യൽ.

⇒ ഗ്രൂപ്പിൽ ചർച്ച ചെയ്ത് പഠിച്ച പുതിയ പദങ്ങൾ പ്രയോജനപ്പെടുത്തൽ.

⇒ സ്വയം ഇംഗ്ലീഷ് ഭാഷ വായിച്ച് മാതൃഭാഷയിൽ ഗ്രൂപ്പിൽ അവതരിപ്പിക്കൽ.

⇒ എല്ലാവർക്കും സാധിക്കുന്ന ഇംഗ്ലീഷ് ഭാഷ എനിക്കും അന്യമല്ല എന്ന ചിന്ത വളർത്തിയെടുക്കൽ.

---

# ഗണിതം

## ലക്ഷ്യങ്ങൾ

* ഗണിത പഠനം രസകരമാക്കൽ
* ഒറിഗാമിയിലൂടെ പഠനം
* ഗണിത പ്രവർത്തനം സുതാര്യമാക്കൽ
* ഗണിത ലാബ്
* ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ.
* പഠന ഉപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ.
* ഗണിത ശേഷികളുടെ പ്രകടനം.
* നേടിയ ഗണിത ശേഷികൾ ആത്മവിശ്വാസത്തോടെ സമൂഹത്തിൽ പ്രയോഗിക്കൽ.
* നിത്യജീവിതവുമായി ഗണിതം എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവ്.

## ജൂൺ - ആഗസ്റ്റ്

* വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.
* ഗണിത ശാസ്ത്ര പഠനം രസകരമാക്കാൻ കരചലന ശേഷി വികാസം സാധ്യമാകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം.
* ഗണിത പഠന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും സ്വതന്ത്രമാക്കുന്നതിനും ഗണിതലാബ് ഉപയോഗിക്കുന്നു.

## സെപ്റ്റംബർ - ഡിസംബർ.

* വിവിധ പ്രവർത്തനങ്ങളിലൂടെ ആവർത്തിച്ചു പഠിച്ചവ ഓർമ്മയിൽ നിലനിർത്താൻ സാധിക്കുന്നു എന്ന തിരിച്ചറിവ്.
* സംഖ്യകളുടെ പ്രായോഗിക മൂല്യം തിരിച്ചറിഞ്ഞ് പഠിക്കൽ.

* ഗണിതച്ചുമർ നിർമ്മാണം.
* പഠന ഉപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ.
* ഗണിത പഠന ഉപകരണ ശില്പശാല.

ജനുവരി - മാർച്ച്

* പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ നിർമ്മിച്ച പഠന ഉപകരണങ്ങളുടെ പ്രദർശനം.
* ഗണിത ശേഷികളുടെ പ്രകാശനം.
* നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിതപഠനം രസകരമാക്കാം എന്ന തിരിച്ചറിവ്.
* തുടർപഠന വിലയിരുത്തൽ സ്വയം നടത്തുവാനുള്ള പ്രാപ്തി കൈവരിക്കൽ.

---

# പരിസരപഠനം

## ലക്ഷ്യങ്ങൾ

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
* വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവ ശീലമാക്കുക.
* ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.
* നിത്യജീവിതത്തിലെ ശാസ്ത്ര സമീപനം വിപുലമാക്കുക.
* പരിസ്ഥിതി എനിക്കും മറ്റുള്ളവർക്കും നാളെയ്ക്ക് കൂടി ഉള്ളതാണ് എന്ന മനോഭാവം വളർത്തിയെടുക്കുക.

## ജൂൺ – ആഗസ്റ്റ്

⇒ ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

⇒ പ്രത്യേകതകൾ മനസിലാക്കി വിവിധ ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്ന മനോഭാവം വളർത്തൽ.

⇒ പൂന്തോട്ടം ഒരുക്കൽ, വൃക്ഷത്തൈ നടൽ, പരിപാലിക്കൽ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

⇒ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ.

## സെപ്റ്റംബർ – ഡിസംബർ

⇒ വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയൽ.

⇒ മലിനീകരണ പ്രശ്നങ്ങൾ അടുത്തറിയാൻ ഫീൽഡ് വിസിറ്റ്.

⇒ നിത്യജീവിതവുമായി ശാസ്ത്രത്തിനുള്ള അഭേദ്യബന്ധം തിരിച്ചറിയൽ.

⇒ പ്രകൃതി നേരിടുന്ന പ്രധാന വെല്ലുവിളികൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കൽ.

## ജനുവരി – മാർച്ച്

⇒ ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

⇒ എന്ത്? എങ്ങനെ? എന്തുകൊണ്ട്? തുടങ്ങിയ പരീക്ഷണനിരീക്ഷണങ്ങൾ രേഖപ്പെടുത്തുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുക.

⇒ പക്ഷി നിരീക്ഷണം, ശാസ്ത്രമേള, ഭൂപടപഠനം എന്നിവയിൽ ഏർപ്പെടൽ.

⇒ നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ കഥ തിരിച്ചറിയൽ.

⇒ പരിസരബോധമുള്ള ഉത്തമ പൗരന്മാരായി വളർന്നു വരാൻ വേണ്ട മനോഭാവം വളർത്തിയെടുക്കൽ.

⇒ വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ എനിക്ക് എന്നതുപോലെ മറ്റുള്ളവർക്കും ഉണ്ടാകേണ്ടത് ആണ് എന്ന മനോഭാവം വളർത്തൽ.

⇒ മനുഷ്യന്റെ ജീവിതകാലം മുഴുവൻ ശാസ്ത്രത്തിൽ അധിഷ്ഠിതമാണ് എന്ന തിരിച്ചറിവ് നേടൽ.